18 JAN 2020

# KERALA STATE COMMISSION FOR PROTECTION OF CHILD RIGHTS

T.C. 14/2036, Vanross Junction, Kerala University P.O., Thiruvananthapuram – 34
Phone : 0471 – 2326603 E-mail : childrights.cpcr@kerala.gov.in
facebook.com/KeSCPCRKerala twitter.com/KeSCPCR_Kerala

No.6719/01-R/C1/2019/KeSCPCR. Date: 9 -01-2020.

From

**The Registrar**

To

**The Special Secretary to Govt.,**
Women & Child Development Department,
Govt. Secretariat,
Thiruvananthapuram.

Sir,

Sub:- Kerala State Commission for Protection of Child Rights – Complaint – Reg.

Attention is invited to the subject cited. The Copy of Order in **CRMP No. 6719/01-R/C1/2019/KeSCPCR** dated 06-12-2019 is forwarded herewith for information.

Yours faithfully,

**P.V. Geetha**
**Registrar**

SJ/30.12.19

# കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ
## തിരുവനന്തപുരം

(ഹാജർ: ശ്രീ. എം.പി. ആന്റണി, മെമ്പർ)

തീയതി : 06/12/2019

## സി.ആർ.എം.പി. നമ്പർ : 6719/01-R/C1/2019/KeSCPCR

ഹർജികക്ഷി : അരുൺ വി.എസ്.,
ശ്രീരംഗം, സന്നിധിഗ്രാമം, ജനാർദ്ദനപുരം,
വർക്കല, തിരുവനന്തപുരം.

എതിർകക്ഷികൾ : 1) മാനേജർ,
എസ്.ബി. ഗ്യാസ് ഏജൻസി,
ഹോസ്പിറ്റൽ റോഡ്, വർക്കല.

2) ശിശുവികസന പദ്ധതി ഓഫീസർ,
വർക്കല അഡീഷണൽ, വർക്കല,
തിരുവനന്തപുരം.

## ഉത്തരവ്

1. ഹർജികക്ഷിയുടെ കുട്ടി വർക്കല മുനിസിപ്പാലിറ്റിയിൽ കിളിത്തട്ടുമുക്ക് 12-ാം നമ്പർ അങ്കണവാടിയിലെ ഗുണഭോക്താവാണെന്നും, 26-09-2019 തീയതി കുട്ടിയെ അങ്കണവാടിയിൽ ആക്കുവാൻ ചെന്നപ്പോൾ അങ്കണവാടിയിലെ ഗ്യാസ് അടുപ്പിൽ ബന്ധിച്ചിരിക്കുന്ന ഗ്യാസ് സിലിണ്ടർ ലീക്കാണെന്ന് ഹെൽപ്പർ പറഞ്ഞതനുസരിച്ച് ഗ്യാസ് സിലിണ്ടർ ഓഫ് ചെയ്യുകയും ജനലുകൾ തുറന്നിടുകയും ചെയ്തുവെന്നും, ഗ്യാസ് സപ്ലൈ ചെയ്യുന്ന ഗ്യാസ് ഏജൻസിയെ വിളിച്ച് ഇക്കാര്യം പറയുകയും ചെയ്തുവെന്നും വൈകുന്നേരം 04.00 മണിക്കാണ് ഗ്യാസ് ഏജൻസിക്കാർ വന്ന് പ്രശ്നം പരിഹരിച്ചതെന്നും ഇത്തരം പ്രവൃത്തികൾ കുട്ടികളുടെ സുരക്ഷിതത്വത്തെ ബാധിക്കുന്നതായതിനാൽ കമ്മീഷൻ ഇടപെട്ട് നടപടി സ്വീകരിക്കണമെന്നുമാണ് ഹർജിവിഷയം.

2. ഹർജി പരിഗണിച്ച കമ്മീഷൻ എതിർകക്ഷികളിൽനിന്നും റിപ്പോർട്ട് ആവശ്യപ്പെട്ടതനുസരിച്ച് ഒന്നാം എതിർകക്ഷി 18-11-2019 തീയതി പ്രകാരവും, രണ്ടാം എതിർകക്ഷി

18-11-2019 തീയതി ICDS/VRK(a)/511/2019 നമ്പർ പ്രകാരവും കമ്മീഷൻ മുമ്പാകെ റിപ്പോർട്ടുകൾ സമർപ്പിക്കുകയുണ്ടായി.

3. ഒന്നാം എതിർക്ഷി റിപ്പോർട്ടുപ്രകാരം ഗ്യാസ് ഏജൻസിയിൽ നിന്നുള്ള മെക്കാനിക്ക് ഗ്യാസ് സിലിണ്ടറുമായി ബന്ധപ്പെട്ട വിഷയത്തിൽ സേവനം നൽകുന്നതിൽ വൈകിയെന്നുള്ളത് ശരിയാണെന്നും മനഃപൂർവ്വമായ വീഴ്ച വരുത്തിയിട്ടില്ലെന്നുമാണ് ബോധിപ്പിച്ചിട്ടുള്ളത്.

4. രണ്ടാം എതിർകക്ഷി റിപ്പോർട്ടിൽ എസ്.ബി. ഗ്യാസ് ഏജൻസിയിൽനിന്നും ഗ്യാസ് ബുക്ക് ചെയ്താൽ സമയത്ത് ലഭിക്കാറില്ല എന്നും ഫോൺ മുഖേന സംസാരിച്ചാൽ വളരെ മോശം പ്രതികരണമാണ് ലഭിക്കാറുള്ളതെന്നും, ഗ്യാസ് പരിശോധിക്കുന്നതിന് ടെക്നീഷ്യൻ എത്താറില്ലെന്നും, പിഞ്ചുകുഞ്ഞുങ്ങളുടെ ആരോഗ്യം സംരക്ഷിക്കേണ്ട ഇടമായ അങ്കണവാടിയിൽ ഗ്യാസ് ഏജൻസിക്കാരുടെ നിരുത്തരവാദിത്തപരമായ സമീപനം വലിയ സുരക്ഷാ പ്രശ്നമാണ് സൃഷ്ടിക്കുന്നതെന്നും മറ്റുമാണ് ബോധിപ്പിച്ചിരിക്കുന്നത്.

5. റിപ്പോർട്ടുകൾ വിലയിരുത്തിയതിൽനിന്നും അങ്കണവാടികളിലെ ഗ്യാസ് അടുപ്പുമായി ബന്ധപ്പെട്ട വിഷയം ഗൗരവമായി തന്നെ കൈകാര്യം ചെയ്യപ്പെടേണ്ട കാര്യമാണ് എന്നാണ് കമ്മീഷന്റെ വിലയിരുത്തൽ. കുട്ടികൾ അങ്കണവാടിയിൽ ആയിരിക്കുന്ന സമയത്ത് അവരുടെ ഉത്തരവാദിത്തം അങ്കണവാടിയുടെ ചുമതലയുള്ള കർത്തവ്യവാഹകർക്കാണ്. കേരളത്തിൽ പ്രവർത്തിക്കുന്ന 33000 അങ്കണവാടികളിൽ കുറേ അങ്കണവാടികളെങ്കിലും കെട്ടിടങ്ങളുടെ പരിമിതി, സൗകര്യങ്ങളില്ലായ്മ, പരിസ്ഥിതിപരമായ പ്രശ്നങ്ങൾ തുടങ്ങിയവമൂലം സുരക്ഷിതത്വപ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നവയാണ്. കുട്ടികൾക്ക് സംരക്ഷണവും സേവനവും നൽകുന്ന സ്ഥാപനങ്ങളിലെ ഇത്തരം അവഗണനകൾ അംഗീകരിക്കപ്പെടുവാൻ പാടുള്ളതല്ല. ഇത്തരം സാഹചര്യങ്ങളെ ഇല്ലായ്മ ചെയ്യുവാൻ നിയമപരവും, ഭരണപരവും, സാമൂഹ്യവും, വിദ്യാഭ്യാസപരവുമായ ഉചിതമായ നടപടികൾ കൈക്കൊള്ളുമെന്ന് ഉറപ്പുനൽകുന്ന കുട്ടികളുടെ അവകാശ ഉടമ്പടിയിലെ 19-ാം വകുപ്പിന്റെ ലംഘനമായിട്ടേ ഇതൊക്കെ കാണുവാൻ കഴിയൂ. സുരക്ഷിതമായ ഇടങ്ങൾ കുട്ടികൾക്ക് അവകാശപ്പെട്ടതാണെന്ന ധാരണ ഉദ്യോഗസ്ഥതലത്തിൽ ഗൗരവമായി തന്നെ ചർച്ച ചെയ്യപ്പെടുകയും പരിഹാരം യുദ്ധകാലാടിസ്ഥാനത്തിൽ ഉണ്ടാകുകയും വേണമെന്നാണ് കമ്മീഷന്റെ നിരീക്ഷണം.

6. മേൽ റിപ്പോർട്ടുകളുടെയും വിലയിരുത്തലുകളുടെയും അടിസ്ഥാനത്തിൽ 2005-ലെ ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള കമ്മീഷനുകൾ നിയമത്തിലെ 15-ാം വകുപ്പുപ്രകാരം താഴെപ്പറയുന്ന ശുപാർശകൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

*(എ) വർക്കല മുനിസിപ്പാലിറ്റിയിലെ എല്ലാ അങ്കണവാടികളിലും 2-ാം എതിർകക്ഷി പരിശോധന നടത്തി ഗ്യാസ് കണക്ഷനുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ വിലയിരുത്തി അത്തരം കാര്യങ്ങൾ ഗ്യാസ് ഏജൻസികളുടെ ഉന്നത ശ്രേണിയിലുള്ളവരുമായി ഇൻഡെയ്ൻ (Indane) ഗ്യാസ് കമ്പനി ഉദ്യോഗസ്ഥരുമായി പങ്കുവയ്ക്കുകയും നടപടികൾ ആവശ്യപ്പെടുകയും ചെയ്യേണ്ടതാണ്.*

-3-

(ബി) അങ്കണവാടികളിലെ ഗ്യാസ് അടുപ്പുകളും മറ്റും സുരക്ഷിതമാണോയെന്നും, കുട്ടികളുടെ സംരക്ഷണ മുറിയുമായി ആവശ്യത്തിന് അകലം പാലിച്ചിട്ടാണോ അവ സ്ഥാപിച്ചിരിക്കുന്നതെന്നും വിലയിരുത്തപ്പെടേണ്ടതായതിനാൽ ടി വിഷയം പരിശോധിക്കുവാൻ തന്റെ ചുമതലയിലുള്ള അങ്കണവാടി വികസന സമിതികൾക്ക് 2-ാം എതിർകക്ഷി നിർദ്ദേശം നൽകേണ്ടതും മീറ്റിംഗ് കൂടുന്ന വേളകളിൽ പരിശോധന നടത്തിയ കാര്യം മിനിട്ട്സ് ബുക്കിൽ രേഖപ്പെടുത്തുവാൻ നിർദ്ദേശം നൽകേണ്ടതുമാണ്.

(സി) കമ്മീഷൻ ഉത്തരവിന്റെ കോപ്പി ഐ.സി.ഡി.എസ്. പദ്ധതിയുമായി ബന്ധപ്പെട്ട ജില്ലാതല റിവ്യൂ മീറ്റിംഗുകളിലും സംസ്ഥാനതല റിവ്യൂ മീറ്റിംഗുകളിലും ചർച്ചയ്ക്ക് വിധേയമാക്കുവാൻ വേണ്ട നടപടികൾ 2-ാം എതിർകക്ഷി സ്വീകരിക്കേണ്ടതാണ്.

മേൽപ്പറഞ്ഞ ശുപാർശകളിൽ എതിർകക്ഷികൾ സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് 2012-ലെ കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ ചട്ടങ്ങളിലെ ചട്ടം 45 പ്രകാരം 60 ദിവസത്തിനകം കമ്മീഷനെ അറിയിക്കേണ്ടതാണ്.

മേൽ ശുപാർശകൾ അടങ്ങിയ ഉത്തരവിന്റെ കോപ്പി വനിതാ-ശിശുവികസന വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയ്ക്ക് അയച്ചു നൽകേണ്ടതും, ശ്രദ്ധയിൽപ്പെടുത്തേണ്ടതുമാണ്.

(ഒപ്പ്)
എം.പി. ആന്റണി
(മെമ്പർ)

ഉത്തരവിൻ പ്രകാരം
9/1/20
പി.വി. ഗീത
രജിസ്ട്രാർ

മേലെഴുത്ത് കത്ത് നമ്പർ ഐസിഡിഎസ് ബി5. 3923/2020
തീയതി. 8/05/2020

ബാലാവകാശ സംരക്ഷണ കമ്മീഷന്റെ ഉത്തരവിൻമേൽ നടപടികൾ സ്വീകരിച്ച് വിവരം ഈ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

സി.ഡി.പി.ഒ.
വർക്കല

വനിതാ ശിശുവികസന ഡയറക്ടർക്കുവേണ്ടി

പകർപ്പ്:
ജില്ലാതല പ്രോഗ്രാം ഓഫീസർക്ക്
(റിവ്യൂ മീറ്റിംഗിൽ ചർച്ച ചെയ്യേണ്ടതാണ്)